പ്രയോജനം ലഭിക്കുന്നു. സർക്കാർ ആശുപത്രിയിലോ സർക്കാർ നിശ്ചയിക്കുന്ന സഹകാര്യ ആശുപത്രിയിലോ വച്ച് ശസ്ത്രക്രിയയിലൂടെയുള്ള പ്രസവങ്ങൾക്ക് പദ്ധതി പ്രയോജനം ചെയ്യുന്നു. കൂട്ടു കുടുംബങ്ങളിലാണെങ്കിൽ മാതാപിതാക്കളെ കൂടാതെ പേരക്കുട്ടികൾക്കും ഈ പദ്ധതികൊണ്ടുള്ള പ്രയോജനം ലഭിക്കും.

(സി) പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ഇൻഷ്വറൻസ് കമ്പനികളുമായി ചർച്ച ചെയ്തു വരികയാണ്.

കുമരകം ബോട്ടപകടത്തെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട്

17 (*167) ശ്രീ. കെ. രാധാകൃഷ്ണൻ :
ഡോക്ടർ തോമസ് ഐസക് :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
• ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 29 പേരുടെ മരണത്തിനിടയാക്കിയ കുമരകം ബോട്ടപകടത്തെക്കുറിച്ച് അന്വേഷിച്ച കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് ലഭിച്ചത് ;

(സി) റിപ്പോർട്ടിന്മേൽ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ബോട്ടപകടത്തിനിടയായ കാരണങ്ങൾ എന്തൊക്കെയാണെന്നാണ് കമ്മീഷൻ കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) അപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച കമ്മീഷൻ ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

(ജി) കമ്മീഷൻ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഉണ്ട്.

(ബി) 30-4-2003-ൽ.

(സി-ഇ) റിപ്പോർട്ട് സർക്കാർ പഠിച്ചു വരുകയാണ്.

(എഫ്) തീരുമാനമായിട്ടില്ല.

(ജി) റിപ്പോർട്ട് പഠിച്ചശേഷം നടപടിക്കുറിപ്പുമായി മേശപ്പുറത്തു വയ്ക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly